**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6677** — **11-11-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യ്ക്ക് പുതിയ ബസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. പുതിയ ബസുകൾ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. KIIFB-യുടെ വായ്പ ഉപയോഗിച്ച് 310 CNG ബസുകളും, 50 ഇലക്ട്രിക് ബസുകളും വാങ്ങുവാൻ നടപടി എടുത്തിട്ടുണ്ട്. അതുപോലെ സർക്കാരിന്റെ 2020-2021 പദ്ധതിവിഹിതം ഉപയോഗിച്ച് 20 Diesel Fully built A/C Seater Bus, 8 Diesel Fully built AC Sleeper Bus, 72 എണ്ണം Diesel Fully built Non AC Air Bus എന്നിവ ചേർത്ത് ആകെ 100 ബസുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 310 CNG ബസുകൾ, 50 ഇലക്ട്രിക് ബസുകൾ എന്നിവ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. മറ്റുള്ളവയുടെ വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്. |
| (ബി) | അന്തർസംസ്ഥാന സർവ്വീസുകളിൽ പഴയ ബസുകൾക്ക് പകരം ആധുനിക ബസുകൾ സർവ്വീസ് നടത്തുന്നതിന് നിർദ്ദേശം നൽകാമോ; | (ബി) | പുതിയ ഡീസൽ ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ വർദ്ധിപ്പിക്കുന്നതിനെ കുറിച്ച് ശാസ്ത്രീയപഠനങ്ങൾ നടത്തിയിട്ടുണ്ടോ; ലാഭകരമായ റൂട്ടുകളിൽ ഷെഡ്യൂളുകൾ വർദ്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി. യുടെ വരുമാനം കൂട്ടാൻ സന്നദ്ധമാകുമോയെന്ന് അറിയിക്കാമോ; | (സി) | കോവിഡ്-19 കാരണമുള്ള ലോക്ക്ഡൗണിൽ ഇളവുകൾ പ്രഖ്യാപിച്ചതിനെ തുടർന്ന്, 2021 മാർച്ച് മാസം നടത്തി വന്നിരുന്ന എല്ലാ സർവ്വീസുകളും ഇതിനോടകം പുനരാരംഭിച്ചിട്ടുണ്ട്. എന്നതിനാൽ നിലവിലെ പ്രത്യേക സാഹചര്യങ്ങളിൽ പൊതുജനങ്ങൾക്ക് ആവശ്യമായ പൊതുഗതാഗത സൗകര്യം പ്രദാനം ചെയ്തിട്ടുണ്ട്. ഓരോ യൂണിറ്റുകളുടേയും ഷെഡ്യൂളുകളിലെ ഓരോ ട്രിപ്പുകളും പരിശോധിക്കുന്ന തരത്തിൽ ശാസ്ത്രീയ പഠനം നടത്തി അവലോകനയോഗങ്ങൾ നടത്തി വരികയാണ്. ഇത്തരത്തിൽ യാത്രക്കാരുടെ ആവശ്യകതയനുസരിച്ചാണ് ട്രിപ്പുകൾ / സർവ്വീസുകൾ ക്രമീകരിച്ച് വരുന്നത്. കോവിഡാനന്തരം യാത്രക്കാർ തീരെ കുറവുള്ളതും ഡീസൽ ചെലവിനുള്ള വരുമാനം പോലും ലഭ്യമല്ലാതെ വന്നിരുന്നതുമായ സർവ്വീസുകൾ പുനഃക്രമീകരിക്കേണ്ട സാഹചര്യം വന്നു ചേർന്നിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇത്തരത്തിൽ പുന:ക്രമീകരണം നടത്തിയതിനുശേഷം കൂടുതൽ യാത്രാസൗകര്യം ആവശ്യമെങ്കിൽ അധിക സർവ്വീസുകളും ട്രിപ്പുകളും ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ നടപ്പിലാക്കി വരുന്നു. |
| (ഡി) | ആധുനികവത്ക്കരണത്തിന്റെ ഭാഗമായി ജീവനക്കാർക്ക് പുതിയ ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | GPRS, Bluetooth, RFID സംവിധാനമുള്ള 500 ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ 30.06.2021 നൽകുകയും, ലഭ്യമായവ വിവിധ ഡിപ്പോകളിലേക്ക് വിതരണം ചെയ്ത് വരികയുമാണ്. |

സെക്ഷൻ ഓഫീസർ